'ഇഗ്നോ'യുടെ ലൈബ്രറി സയൻസ് കോഴ്സ്

18 (951) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി, കാലിക്കറ്റ്, കൊച്ചിൻ സർവ്വകലാശാലകളും യു. ജി. സിയും കേന്ദ്രസർക്കാരും ജോലി ലഭിക്കുന്നതിന് അംഗീകരിച്ചിട്ടുള്ള ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ലൈബ്രറി സയൻസ് പി.എസ്.സി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് തന്നെയുള്ള വിവിധ സർവ്വകലാശാലകൾ അംഗീകരിച്ചതും കേന്ദ്രസർക്കാർ സ്ഥാപനത്തിൽ ജോലിക്ക് അംഗീകരിക്കുന്നതുമായ 'ഇഗ്നോ'യുടെ ലൈബ്രറി സയൻസ് ഡിഗ്രി കോഴ്സ് പി.എസ്.സി. അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

കോപ്പി ഹോൾഡർ തസ്തികയിലെ ഒഴിവുകൾ

19 (952) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഗവൺമെന്റ് പ്രസ്സിൽ കോപ്പി ഹോൾഡർ തസ്തികയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് 1997-ൽ പി.എസ്.സി. നടത്തിയ പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് ഇതുവരെയും പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഷോർട്ട് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് പറയാമോ ?

ഉത്തരം

(എ) 6 (ആറ്) ഒഴിവുകൾ ഉണ്ട്.

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് 1997-ൽ പി.എസ്.സി. നടത്തിയ പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരണം വൈകിയത് ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം നടത്തേണ്ടിവന്നതുമൂലമാണ്.

(സി) പ്രസ്തുത പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly